REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 23-05-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **സായുധസേനാ ധീരതാ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു.**
- **സംസ്ഥാന ഗവണ്മെന്റിന്റെ നാലാം വാർഷികാഘോഷ സമാപന സമ്മേളനം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **ഈ വർഷം കേന്ദ്രം 13 പുതിയ പ്രൊഫഷണൽ ലീഗുകൾ സംഘടിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ.**
- **ലഹരി വിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായ സന്ദേശ ജാഥ ഇന്ന് എറണാകുളം ജില്ലയിൽ.**
- **സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**

## വാർത്തകൾ വിശദമായി

സായുധസേനാ ധീരതാ പുരസ്കാരങ്ങൾ ഇന്നലെ രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു. ആറ് കീർത്തിചക്രയും 33 ശൗര്യചക്രയുമാണ് കേന്ദ്ര സായുധസേനയിലെയും സംസ്ഥാന കേന്ദ്രഭരണ പ്രദേശങ്ങളിലെ പൊലീസ് സേനയിലെയും ഉദ്യോഗസ്ഥർക്ക് കൈമാറിയത്. ഇതിൽ നാല് കീർത്തിചക്ര മരണാനന്തര ബഹുമതിയായാണ് സമ്മാനിച്ചത്.

മരണാനന്തര ബഹുമതിയായി മലയാളി സൈനികൻ G വിജയൻകുട്ടി ഉൾപ്പെടെ മറ്റ് ഏഴുപേർക്ക് ശൗര്യ ചക്രയും ദ്രൗപതി മുർമു സമ്മാനിച്ചു.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ  നാലാം വാർഷികാഘോഷ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട്  തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ  ഉദ്ഘാടനം  ചെയ്യും. ഗവൺമെന്റിന്റെ നാലാം വർഷത്തെ പ്രോഗ്രസ് റിപ്പോർട്ടും ചടങ്ങിൽ മുഖ്യമന്ത്രി പ്രകാശനം ചെയ്യും. മന്ത്രി K രാജൻ അധ്യക്ഷനായിരിക്കും. ഗവണ്മെന്റ് സേവനങ്ങളുടെ ഗുണഭോക്താക്കൾ ഉൾപ്പെടെ വിവിധ മേഖലകളിലെ ക്ഷണിക്കപ്പെട്ട 500 പേർ പരിപാടിയിൽ പങ്കെടുക്കും.  ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ രാവിലെ ആരംഭിക്കുന്ന  തിരുവനന്തപുരം ജില്ലാതല യോഗത്തിലും  മുഖ്യമന്ത്രി പങ്കെടുക്കും.

✪✪✪

എന്റെ കേരളം പ്രദർശന മേള  പൊതുസമൂഹത്തിന് ഉപകാരപ്പെടുന്ന നിലയിലാണ് ഗവൺമെന്റ് ക്രമീകരിച്ചതെന്ന്  മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. ജനങ്ങൾക്ക് ഗവൺമെന്റ് സംവിധാനങ്ങളിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങളും സേവനങ്ങളും സംബന്ധിച്ച കൃത്യമായ അറിവ് മേളയിൽ ലഭ്യമാക്കിയിരുന്നുവെന്ന് മന്ത്രി പറഞ്ഞു.

പത്തനംതിട്ടയിലെ എന്റെ കേരളം പ്രദർശന വിപണന കലാമേളയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

എന്റെ കേരളം പ്രദർശന വിപണന മേളയിലെ മാധ്യമ അവാർഡുകൾ മന്ത്രി വിതരണം ചെയ്തു. ശ്രാവ്യ മാധ്യമ വിഭാഗത്തിൽ ആകാശവാണിക്കാണ് പുരസ്കാരം.

✪✪✪

കേരളത്തിലെ ദേശീയ പാതയിലെ തകർച്ചകളിൽ  കടുത്ത നടപടി വേണമെന്ന് കേന്ദ്രമന്ത്രി നിധിൻ ഗഡ്കരിയോട് ആവശ്യപ്പെട്ടതായി BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ അറിയിച്ചു. വിഷയത്തിൽ പരിഹാര നടപടികൾ വേഗത്തിലാക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണ ജോലികൾ ഉടൻ പുനരാരംഭിക്കുമെന്ന് കേന്ദ്രം അറിയിച്ചതായും സംസ്ഥാന പ്രസിഡന്റ് പറഞ്ഞു.

✪✪✪

ദേശീയപാത 66-ൽ  പലയിടത്തും വിള്ളൽ രൂപപ്പെട്ട സാഹചര്യം കേന്ദ്രമന്ത്രി നിധിൻ ഗഡ്കരിയുടെ ശ്രദ്ധയിൽ പെടുത്തിയതായി MK രാഘവൻ MP അറിയിച്ചു. സംഭവങ്ങൾ പരിശോധിച്ച് കൃത്യമായ പരിഹാരം കാണണമെന്നും

കാലവർഷത്തിന് മുമ്പ് ആവശ്യമായ കരുതലുകൾ സ്വീകരിക്കണമെന്നും അദ്ദേഹം കേന്ദ്രത്തോട് ആവശ്യപ്പെട്ടു.

✪✪✪

ദേശീയപാത നിർമാണത്തിലെ അശാസ്ത്രീയ സമീപനമാണ് കൂരിയാട്ടെ തകർച്ചയ്ക്ക് കാരണമെന്ന് ഷാഫി പറമ്പിൽ MP കുറ്റപ്പെടുത്തി. പലവട്ടം ജനപ്രതിനിധികൾ ഇടപെട്ടിട്ടും ബന്ധപ്പെട്ടവർ നടപടി എടുക്കാൻ തയ്യാറായില്ലെന്ന് അദ്ദേഹം പറഞ്ഞു. പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിച്ച ഷാഫി പറമ്പിൽ, ജനങ്ങളുമായി സംസാരിക്കുകയും, സ്ഥിതി വിലയിരുത്തുകയും ചെയ്തു.

✪✪✪

ഓപ്പറേഷൻ സിന്ദൂരിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന് പരംവീരചക്ര ജേതാവ് ഫ്ളൈയിങ് ഓഫീസർ നിർമൽ ജിത് സിങ് സെഖോണിനെ അനുസ്മരിക്കുന്നു.

..... വോയ്സ്.....

പഞ്ചാബിലെ ലുധിയാന സ്വദേശിയായ നിർമൽ ജിത് സിങ് സെഖോൺ 1967 ജൂണിലാണ് ഇന്ത്യൻ വ്യോമസേനയിൽ ഫ്ളൈയിങ് ഓഫീസറായി സേവനമാരംഭിക്കുന്നത്. 1971-ലെ ഇന്ത്യാ-പാകിസ്താൻ യുദ്ധകാലത്ത് ശ്രീനഗർ വ്യോമത്താവളത്തിനു നേരെ ആറ് പാകിസ്താൻ സാബർ ജെറ്റുകൾ ആക്രമണം നടത്തിയപ്പോൾ നിർമൽ ജിത് സിങ് സജ്ജീകരണ ഡ്യൂട്ടിയിലായിരുന്നു. ശത്രുവിമാനങ്ങൾ വ്യോമതാവളത്തിനു മുകളിലൂടെ പറന്നതോടെ സ്വന്തം സുരക്ഷ കണക്കിലെടുക്കാതെ അദ്ദേഹം ഗ്നാറ്റ് വിമാനം പറത്തി രണ്ട് സാബർ വിമാനങ്ങളെ നേരിട്ടു. തുടർന്നുണ്ടായ വ്യോമാക്രമണത്തിൽ അദ്ദേഹം ഒരു സാബറിൽ നേരിട്ട് ഇടിക്കുകയും മറ്റൊന്നിനെ നശിപ്പിക്കുകയും ചെയ്തു. ഇതിനിടെ, നാല് പാകിസ്താൻ സാബർ ജെറ്റുകൾ കൂടി സ്ഥലത്തെത്തി അദ്ദേഹത്തിന്റെ വിമാനം വളഞ്ഞു. നീണ്ട പോരാട്ടത്തിനൊടുവിൽ അദ്ദേഹത്തിന്റെ വിമാനം തകരുകയും നിർമൽ ജിത് സിങ് വീരമൃത്യു വരിക്കുകയും ചെയ്തു. നിർമൽ ജിത് സിങ് സെഖോൺ പ്രകടിപ്പിച്ച പരമോന്നത ധീരതക്കും പോരാട്ട വൈദഗ്ധ്യത്തിനും ത്യാഗത്തിനും രാജ്യം അദ്ദേഹത്തിന് മരണാനന്തരം പരമവീര ചക്ര നൽകി ആദരിച്ചു. രാഷ്ട്രം അദ്ദേഹത്തെ അഭിവാദ്യം ചെയ്യുന്നു.

✪✪✪

കേന്ദ്ര ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ ദിവ്യാംഗ ജീവനക്കാർക്ക് നാല് ശതമാനം സംവരണം ഏർപ്പെടുത്തി. ദിവ്യാംഗർക്ക് തുല്യതയും ബഹുമാന്യതയും ഭൗതിക സൗകര്യങ്ങളും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് നടപടിയെന്ന് കേന്ദ്രമന്ത്രി മനോഹർലാൽ അറിയിച്ചു.

✪✪✪

ഈ വർഷം കേന്ദ്രം 13 പുതിയ പ്രൊഫഷണൽ ലീഗുകൾ സംഘടിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ അറിയിച്ചു. യോഗ, സൈക്കിളിംഗ്, ബാസ്ക്കറ്റ് ബോൾ, അമ്പെയ്ത്ത്, ബോക്സിംഗ് എന്നിവയടക്കം കായിക ഇനങ്ങളിലായിരിക്കും ലീഗ് മത്സരങ്ങൾ. ദേശീയ സ്പോർട്സ് ഫെഡറേഷനുകൾക്ക് നൽകുന്ന ഗ്രാന്റിലും വർദ്ധന വരുത്തിയതായി കേന്ദ്രമന്ത്രി പറഞ്ഞു.

സൈക്കിളിംഗിനെ ഫാഷൻ എന്ന നിലയിൽ ജനപ്രീയമാക്കാൻ ആവശ്യമായ നടപടികൾ ഡോ. മാണ്ഡവ്യ ഇന്നലെ രാജ്യത്തെ മുന്നൂറോളം സൈക്കിളിംഗ് ക്ലബ്ബുകളുമായി വെർച്വൽ ചർച്ച നടത്തിയിരുന്നു.

✪✪✪

ലഹരി വിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി "KICK DRUGS SAY YES TO SPORTS" എന്ന സന്ദേശവുമായി പ്രചാരണ ജാഥ ഇന്ന് എറണാകുളം ജില്ലയിലെത്തും. മന്ത്രി V അബ്ദുറഹ്മാന്റെ നേതൃത്വത്തിലാണ് ജാഥ. പരിപാടിയുടെ ഭാഗമായി രാവിലെ മുവാറ്റുപുഴയിൽ നിന്നും കോതമംഗലത്തേക്ക് മാരത്തണും, കോതമംഗലത്ത് നിന്നും വാക്കത്തണും സംഘടിപ്പിച്ചിട്ടുണ്ട്.

വൈകീട്ട് എറണാകുളം മറൈൻ ഡ്രൈവിൽ നിന്ന് ദർബാർ ഹാൾ ഗ്രൗണ്ടിലേക്ക് റാലിയും തുടർന്ന് സമാപന സമ്മേളനവും നടത്തും.

✪✪✪

ഇംഗ്ലണ്ട് പര്യടനത്തിൽ പങ്കെടുക്കുന്ന ഇന്ത്യ അണ്ടർ - 19 ടീമിനെ BCCI പ്രഖ്യാപിച്ചു. ആയുഷ് ഹത്രെ ആണ് ക്യാപ്റ്റൻ. അഭിജ്ഞാൻ കുണ്ടുവിനെ വൈസ് ക്യാപ്റ്റനായും നിയോഗിച്ചു. 14-കാരനായ വൈഷ്ണവ് സൂര്യവൻഷിയും ടീമിൽ ഉൾപ്പെട്ടിട്ടുണ്ട്. ജൂൺ 24 മുതൽ ജൂലൈ 23 വരെയാണ് ഇന്ത്യൻ ടീമിന്റെ ഇംഗ്ലണ്ട് പര്യടനം.

✪✪✪

FIH ഹോക്കി പ്രോ -ലീഗിലെ യൂറോപ്യൻ പാദ മത്സരത്തിൽ പങ്കെടുക്കുന്ന 24 അംഗ ഇന്ത്യൻ പുരുഷ ടീമിനെ പ്രഖ്യാപിച്ചു. നെതർലാന്റ്സിലും ബെൽജിയത്തിലുമായി ജൂൺ ഏഴ് മുതൽ 22 വരെയാണ് മത്സരങ്ങൾ.

ഹർമെൻ പ്രീത് സിംഗാണ് ക്യാപ്റ്റൻ. ഹാർദിക് സിംഗിനെ വൈസ്ക്യാപ്റ്റനായും നിയോഗിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർജയന്റ്സ് ലീഗിലെ മുൻനിരക്കാരായ ഗുജറാത്ത് ടൈറ്റൻസിനെ അഹമ്മദാബാദിൽ 33 റൺസിന് തോൽപ്പിച്ചു.

ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗലൂരു സൺറൈസേഴ്സ് ഹൈദരാബാദിനെ ലഖ്നൗവിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഇന്നലെ കൊല്ലത്ത് അന്തരിച്ച കേരള ഫുട്ബോൾ ടീം മുൻ ക്യാപ്റ്റൻ A.നജീമുദ്ദീന്റെ ഖബറടക്കം രാവിലെ കൊല്ലം ജോനകപ്പുറം വലിയ പള്ളിയിൽ നടത്തും. ശ്വാസകോശ സംബന്ധമായ അസുഖത്തെത്തുടർന്നായിരുന്ന 73 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

1973 മുതൽ 1981 വരെ കേരളത്തിനു വേണ്ടി സന്തോഷ് ട്രോഫിയിൽ കളിച്ചിട്ടിട്ടുണ്ട്. 1975-ൽ സന്തോഷ് ട്രോഫിയിലെ മികച്ച താര പുരസ്കാരം ലഭിച്ചു. GV രാജ പുരസ്കാരമുൾപ്പെടെ ഒട്ടനവധി പുരസ്കാരങ്ങളും അദ്ദേഹത്തെ തേടിയെത്തി.

നജീമുദ്ദീന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

✪✪✪

തൃശൂർ പാലിയക്കരയിൽ ലോറിയിൽ കടത്തുകയായിരുന്ന 120 കിലോ കഞ്ചാവ് പിടികൂടി. സംഭവത്തിൽ നാല് പേർ കസ്റ്റഡിയിലായി. ഒഡിഷയിൽ നിന്നാണ് കഞ്ചാവ് കൊണ്ടുവന്നത്.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം ഒഴികെ 12 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കണ്ണൂർ, കാസർകോട് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയും നൽകി.

അടുത്ത രണ്ട് ദിവസത്തിനകം സംസ്ഥാനത്ത് കാലവർഷം എത്തുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അറബി കടലിലെയും ബംഗാൾ ഉൾകടലിലെയും ന്യൂനമർദ്ദത്തിന്റെ സ്വാധീനത്താൽ സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴ തുടരും. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

കാഞ്ഞങ്ങാട് മഡിയനിൽ പള്ളിക്കുളത്തിൽ കുളിക്കാൻ ഇറങ്ങിയ രണ്ട് കുട്ടികൾ മുങ്ങിമരിച്ചു. ഒമ്പതും പതിനൊന്നും പ്രായക്കാരായ അഫാസ്, അൻവർ എന്നീ കുട്ടികളാണ് അപകടത്തിൽ പെട്ടത്. മറ്റൊരു കുട്ടിയെ മംഗ്ലൂരുവിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കഴിഞ്ഞ ദിവസത്തെ ശക്തമായ മഴയിൽ കുളത്തിൽ വെള്ളം ഉയർന്നതാണ് അപകടത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചത്.

✪✪✪

പ്ലസ്ടു പരീക്ഷയിൽ കാസർകോട് ജില്ല 71.09 ശതമാനം വിജയം നേടി. 932 കുട്ടികൾക്ക് മുഴുവൻ വിഷയങ്ങളിലും A പ്ലസ് ലഭിച്ചു.

✪✪✪

ഇന്ത്യൻ സൈന്യത്തിനെതിരെ ദേശവിരുദ്ധ പരാമർശം നടത്തിയ കേസിൽ ഒരാൾ അറസ്റ്റിലായി. മലപ്പുറം സ്വദേശിയായ മുഹമ്മദ് നസീമിനെയാണ് ഇടുക്കി പൊലീസ് അറസ്റ്റ് ചെയ്തത്. ഇൻസ്റ്റാഗ്രാമിലൂടെയാണ് ഇയാൾ ദേശവിരുദ്ധ പരാമർശം നടത്തിയത്.

✪✪✪

സ്ത്രീ പുരുഷ സൗഹൃദങ്ങളെ സമൂഹം നോക്കി കാണുന്ന രീതിയിൽ സമൂഹത്തിൽ മാറ്റം ആവശ്യമാണെന്ന് സംസ്ഥാന വനിതാ കമ്മീഷൻ അംഗം P. കുഞ്ഞായിഷ പറഞ്ഞു. പ്രായപൂർത്തിയായ രണ്ട് പേർക്കിടയിലെ സൗഹൃദത്തെ തെറ്റായി വ്യാഖ്യാനിക്കുന്ന പ്രവണത സ്ത്രീകൾക്കെതിരായ അതിക്രമമായി മാത്രമേ കാണാൻ കഴിയൂവെന്ന് അവർ കാസർകോട്ട് അഭിപ്രായപ്പെട്ടു.

കളക്ടറേറ്റിലെ സിറ്റിങ്ങിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു P. കുഞ്ഞായിഷ.

✪✪✪

കാളികാവിൽ നരഭോജി കടുവയെ പിടികൂടാൻ സുൽത്താന എസ്റ്റേറ്റിന് മുകളിലെ മദാരികുണ്ടിൽ പുതിയ കൂട് സ്ഥാപിച്ചു. വനമേഖലയിൽ ദ്രുത കർമ സേന തിരച്ചിൽ തുടരുകയാണ്. കൂടുതൽ ഡ്രോണുകളും ക്യാമറകളും തെരച്ചിലിന് ഉപയോഗിക്കുന്നുണ്ട്. മയക്കുവെടി വിദഗ്ദൻ ഡോ. അരുൺ സക്കറിയയുടെ നേതൃത്വത്തിലാണ് തിരച്ചിൽ.

✪✪✪

മൂന്നാറിൽ ദേവികുളം സെൻട്രൽ ഡിവിഷനിൽ വീട്ടുമുറ്റത്തെത്തിയ പുലി വളർത്തു നായയെ പിടികൂടി. ഇതിന്റെ CCTV ദൃശ്യങ്ങൾ ലഭിച്ചിട്ടുണ്ട്.

✪✪✪

ജനകീയ കൂട്ടായ്മയിൽ കോഴിക്കോട് സിവിൽ സ്റ്റേഷൻ RTO ഓഫീസിൽ മിനി ലൈബ്രറി ഒരുങ്ങി. 1500ഓളം പുസ്തകങ്ങളോടെയാണ് ലൈബ്രറി സജ്ജമാക്കിയത്. MT വാസുദേവൻ നായരുടെ പുസ്തകങ്ങളുടെ അപൂർവ്വ ശേഖരം അദ്ദേഹത്തിന്റെ കുടുംബം സമ്മാനിച്ചു.

ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് ലൈബ്രറി ഉദ്ഘാടനം ചെയ്തു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader : അനിൽ ചന്ദ്രൻ*
*News Team: ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*